**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- തിരൂർ നഗരസഭ – മലപ്പുറം ജില്ല തിരൂർ താലൂക്കിൽ തൃക്കണ്ടിയൂർ വില്ലേജിൽ സർവെ നമ്പർ 196/10 എ, 196/9, 196/10 ബി എന്നിവയിലുൾപ്പെട്ട സ്ഥലത്ത് പ്രവർത്തിച്ചു വരുന്ന സർക്കാർ ആശുപത്രി കോമ്പൗണ്ടിൽ പൂർത്തീകരിച്ചിട്ടുള്ള നിർമ്മാണങ്ങൾക്കും പുതിയ നിർമ്മാണത്തിനും കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ ചട്ടം 3 സി പ്രകാരം ഇളവനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർബി) വകുപ്പ്**

**സ.ഉ.(സാധാ).നം.1162/2018/തസ്വഭവ തിരുവനന്തപുരം, തീയതി 23.04.2018.**

---

പരാമർശം:- മുഖ്യനഗരാസൂത്രകന്റെ 3.4.18 ലെ സി1/1656/2018 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ തിരൂർ താലൂക്ക് തൃക്കണ്ടിയൂർ വില്ലേജിൽ സർവെ നമ്പർ 196/10 എ, 196/9, 196/10 ബി എന്നിവയിലുൾപ്പെട്ട സ്ഥലത്ത് പ്രവർത്തിച്ചു വരുന്ന സർക്കാർ ആശുപത്രി കോമ്പൗണ്ടിൽ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനും പുതിയ നിർമ്മാണത്തിന് ലേ ഔട്ട് അംഗീകാരം ലഭിക്കുന്നതിനും, കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ ചട്ടം 3 സി പ്രകാരം ഇളവനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള തിരൂർ ജില്ലാ ആശുപത്രി സൂപ്രണ്ടിന്റെ അപേക്ഷയിൻമേൽ പരാമർശ കത്ത് പ്രകാരം മുഖ്യനഗരാസൂത്രകൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

പ്രസ്തുത ആശുപത്രി ക്യാമ്പസ്സിന് 10360.32 ച.മീ. വിസ്തൃതിയുണ്ട്. നിലവിൽ ഫാർമസി ബ്ലോക്ക്, ഓപ്പറേഷൻ തിയേറ്റർ മെഡിസിൻ, ഗൈനക്കോളജി ആന്റ് പീഡിയാട്രിക് വാർഡ്, പേവാർഡ്, മോർച്ചറി, കെ.എച്ച്.ആർ.ഡബ്ല്യു.എസ്, ജനതാ വാർഡ്, ക്യാന്റീൻ, ഫാർമസി, കാരുണ്യ മെഡിക്കൽ സ്റ്റോർ, ബ്ലഡ് ബാങ്ക് എന്നീ കെട്ടിടങ്ങൾ നിലവിലുണ്ട്. കൂടാതെ നിലവിലുള്ള 3 നില കെട്ടിടത്തോട് കൂട്ടി ചേർത്ത് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള ഗ്രൗണ്ട് ഫ്ലോർ + അഞ്ചു നില ഉൾപ്പെടെ ആറു നിലകളുള്ള മെയിൻ ബ്ലോക്ക്, ബേസ്മെന്റ് ഫ്ലോർ ഉൾപ്പെടെ നാലു നിലകളോട്ടു കൂടിയ വുമൺ ആന്റ് ചൈൽഡ് കെയർ ബ്ലോക്ക് എന്നിവ ക്രമവത്കരിച്ച് നമ്പർ ലഭിക്കേണ്ടതായും പുതുതായി നിർമ്മിക്കുന്ന ഓങ്കോളജി ബ്ലോക്കിന് ലേ ഔട്ട് അംഗീകാരം ലഭിക്കേണ്ടതായും ഉണ്ട്.

പരാമർശ നിർമ്മാണത്തിന് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി കെ.എം.ബി.ആർ. 1999 ചട്ടം 3 സി പ്രകാരമുള്ള ഇളവ് അനുവദിക്കാവുന്നതാണെന്ന് ചീഫ് ടൗൺ പ്ലാനർ ശുപാർശ ചെയ്തിട്ടുണ്ട്.

1) പുതുതായി നിർമ്മിക്കുന്ന ഓങ്കോളജി ബ്ലോക്ക് (എച്ച്) ന്റെ പോർച്ച് ഭാഗം പ്രസ്തുത തുറസ്സായ സ്ഥലം ലഭ്യമാകുന്നതിന് തടസ്സപ്പെടുന്ന രീതിയിൽ തള്ളി നിൽക്കുകയും, Mechanical Car Parking Building നോട് സ്പർശിക്കുന്ന വിധത്തിലും വിഭാവനം ചെയ്തിട്ടുള്ളത് ഒഴിവാക്കേണ്ടതും Porch Projection പാടില്ല എന്ന് വ്യവസ്ഥ ചെയ്യേണ്ടതുമാണ്.

2) പുതുതായി നിർമ്മിക്കുന്ന ഓങ്കോളജി ബ്ലോക്കിന്റെ Basement Floor ൽ ആവശ്യമായ (ഇപ്പോൾ കുറവുള്ള) പാർക്കിംഗ് സ്പേസ് ഉൾപ്പെടുത്തേണ്ടതാണെന്നും അപ്രകാരം പ്ലാനിൽ മാറ്റം വരുത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്യേണ്ടതാണ്.

3) 25(1) പ്രകാരം നിർമ്മിക്കാനുദ്ദേശിച്ചിട്ടുള്ള Parking Building ന് നിലവിലെ മുനിസിപ്പൽ റോഡ് വീതി കൂട്ടുമ്പോൾ റോഡരികിൽ നിന്നും 3 മീറ്റർ തന്നെ ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്യേണ്ടതാണ്.

4) ചട്ടം 23(4 എ) പ്രകാരം 20000 ച.മീ. ന മുകളിലുള്ള നിർമ്മാണങ്ങൾക്ക് SEIAA യുടെ അനുമതി ആവശ്യമായതിനാൽ, നിലവിലുള്ള നിർമ്മാണങ്ങൾക്ക് നമ്പർ ലഭ്യമാക്കുന്നതിന് അടിയന്തിര പ്രാധാന്യം നൽകേണ്ടതുള്ളതുകൊണ്ട്, മൊത്തം വിസ്തീർണ്ണം 20000 ച.മീ. ക്ക താഴെ നിജപ്പെടുത്തുന്നതിനായി വിഭാവിത നിർമ്മാണമായ ഓങ്കോളജി ബ്ലോക്കിന്റെ വിസ്തൃതിയിൽ കുറവ് വരുത്തുന്നതിനും, SEIAA യുടെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് സമർപ്പിച്ച പ്ലാൻ പ്രകാരമുള്ള മുഴുവൻ നിർമ്മാണം നടത്താവൂ എന്നും വ്യവസ്ഥ ചെയ്യേണ്ടതാണ്.

5) ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ അതിരുകളും അളവുകളും പ്രമാണവും ആധികാരികതയും മുനിസിപ്പൽ സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

6) പ്രസ്തുത പ്ലോട്ടിന് ചുറ്റുമതിൽ പുനർ നിർമ്മിക്കുന്ന മുറയ്ക്ക് റോഡ് വൈഡനിംഗിന് വിഭാവനം ചെയ്തിട്ടുള്ള സ്ഥലം വിട്ടതിനു ശേഷമേ ചുറ്റുമതിൽ കെട്ടാവൂ.

7) പ്ലാനിൽ കാണിച്ച വിധം ഡ്രൈവ് വേ നിർമ്മിക്കേണ്ടതും പാർക്കിംഗ് ബേ ഗ്രൗണ്ടിൽ അടയാളപ്പെടുത്തേണ്ടതുമാണ്.

8) ചട്ടം 54(7) (8) പ്രകാരം ലിക്വിഡ് വേസ്റ്റ് മാനേജ്മെന്റ്/ട്രീറ്റ്മെന്റ് പ്ലാന്റ്, മലിന ജലം റീസൈക്കിൾ ആന്റ് റീയൂസ് ചെയ്യുന്നതിനുള്ള സംവിധാനം എന്നിവ ഏർപ്പെടുത്തേണ്ടതാണ്.

9) ഹൈലറൈസ് ചെയ്യേണ്ട കെട്ടിടങ്ങൾക്കും വിഭാവിത നിർമ്മാണത്തിനും ചട്ടം 54(4 എ) പ്രകാരം ഫയർ ആന്റ് റെസ്ക്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്.

10) പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്.

11) ഓങ്കോളജി ബ്ലോക്ക് നിർമ്മാണത്തിന് ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുന്ന മുറയ്ക്ക് മെക്കാനിക്കൽ/ റോബോട്ടിക് പാർക്കിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

12) ചട്ടം 54(6) പ്രകാരം ആവശ്യമായ സാനിറ്റേഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

13) ചട്ടം 40 എ പ്രകാരം അംഗപരിമിതർക്കുള്ള പാർക്കിംഗ്, റാമ്പ്, ലിഫ്റ്റ് , ടോയിലറ്റ്, തുടങ്ങിയ സൗകര്യങ്ങൾ നൽകിയിരിക്കണം.

14) ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനവും ചട്ടം 54(4) പ്രകാരം ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റവും തൃപ്തികരമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

15) ഓങ്കോളജി കെട്ടിടത്തിന് ബന്ധപ്പെട്ട മറ്റ് വകുപ്പുകളിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ തിരൂർ താലൂക്ക് തൃക്കണ്ടിയൂർ വില്ലേജിൽ സർവെ നമ്പർ 196/10 എ, 196/9, 196/10 ബി എന്നിവയിലുൾപ്പെട്ട സ്ഥലത്ത് പ്രവർത്തിച്ചു വരുന്ന തിരൂർ ജില്ലാ ആശുപത്രി കെട്ടിടത്തിന് മുഖ്യനഗരാസൂത്രകന്റെ ശുപാർശയുടെ

അടിസ്ഥാനത്തിൽ മുകളിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ, 1999 ചട്ടം 3 സി പ്രകാരം 117(1), 34(9), 33(5), 117(3), 25(1) എന്നീ ചട്ടങ്ങളിൽ ഇളവ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സ്റ്റെല്ലാ ലിറ്റിൽ ഫ്ളവർ എം.കെ.**
**ജോയിന്റ് സെക്രട്ടറി**

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം
ജില്ലാ ടൗൺ പ്ലാനർ, മലപ്പുറം
സെക്രട്ടറി, തിരൂർ നഗരസഭ
സൂപ്രണ്ട്, തിരൂർ ജില്ലാ ആശുപത്രി, മലപ്പുറം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ